## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 30.10.2024 മുതൽ 03.11.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 44/2024 (87) ചൊവ്വാഴ്ച | തീയ്യതി 29/10/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 30.10.2024 | 31.10.2024 | 01.11.2024 | 02.11.2024 | 03.11.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 0.1 | 1 | 5 | 2 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 6 | 6 | 5 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 300 | 300 | 320 | 300 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 4 | 4 | 5 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറു പരുവം | പരിപാലനം | നെല്ലിലെ പോളരോഗം, ഇലപ്പുള്ളി രോഗം, ബാക്റ്റീരിയൽ ഇല കരിച്ചിൽ എന്നിവക്കെതിരെയുള്ള പ്രതിരോധ മാർഗ്ഗമായി സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കാവുന്നതാണ്. |
| വാഴ | പരിപാലനം | ജലസേചനത്തിനുള്ള തടമെടുക്കലും ചാലുകീറലും നടത്താവുന്നതാണ്. ചീര, പയർ, ഇഞ്ചി, മഞ്ഞൾ എന്നിവ ഇടവിളകളായി കൃഷി ചെയ്യാവുന്നതാണ്. |
| വെള്ളരി വർഗ്ഗ പച്ചക്കറിവിളകൾ | മൃദുരോമ പൂപ്പൽ | അന്തരീക്ഷ ആർദ്രത കൂടുന്നത് മൂലo വെള്ളരിവർഗ പച്ചക്കറികളിൽ മൃദുരോമ പൂപ്പൽ എന്ന കുമിൾ രോഗം കാണാനിടയുണ്ട് . പ്രതിവിതീയായി 2.5 ഗ്രാം മാൻകോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയ്ക്കത്തക്കവിധത്തിൽ കലക്കി തളിക്കുക. |
| ശീതകാല പച്ചക്കറികൾ | നടീലും പരിപാലനവും | നവംബർ ആദ്യവാരത്തോടു കൂടി മൂന്നു മുതൽ അഞ്ച് ആഴ്ച പ്രായമായ തൈകൾ പ്രധാന കൃഷിയിടത്തിലേക്ക് പറിച്ചു നടാവുന്നതാണ്. നല്ല സൂര്യ പ്രകാശം ലഭിക്കുന്ന സ്ഥലത്ത് നീർവാർച്ചയുള്ള മണ്ണിൽ വേണം കൃഷി നടത്തുവാൻ. |

മത്സ്യകൃഷി-: ശക്തമായ മഴ കാരണം മത്സ്യ കുളങ്ങളിലെ ജലനിരപ്പ് ഉയർന്നു വരുന്നതിനാൽ മത്സ്യ കർഷകർ മത്സ്യങ്ങൾ പോകാതിരിക്കാനുള്ള മുൻകരുതൽ എടുക്കേണ്ടതാകുന്നു. കുളങ്ങൾക്കു ചുറ്റും വലകെട്ടി സംരക്ഷണം നൽകാവുന്നതാണ്.